കേരള സർക്കാർ

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ പ്യൂണായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ജ്യോതി.എൻ.ആർ ന് പഞ്ചായത്ത് വകുപ്പിൽ തിരികെ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ(സാധാ) നം.3279/2015/തസ്വഭവ** **തീയതി,തിരുവനന്തപുരം,07/11/2015**

---

പരാമർശം :

1. പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 08/08/2011 ലെ P&G/Alr./2011-12 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 11/01/2012 ലെ ഇ 10-26112/11 നമ്പർ കത്ത്.
3. ശ്രീമതി. ജ്യോതി. എൻ.ആർ 20/03/2013 , 05/02/2013 തീയതികളിൽ സമർപ്പിച്ച അപേക്ഷകൾ.

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമ പഞ്ചായത്തിൽ **04.05.2010** ന് പ്യൂണായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. ജ്യോതി എൻ.ആർ ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ പ്യൂണായി നിയമന ഉത്തരവ് ലഭിക്കുകയും ടിയാൾ **09.06.2011** ൽ പഞ്ചായത്ത് വകുപ്പിൽ നിന്നും വിടുതൽ വാങ്ങി **10.06.2011** ന് സഹകരണ ബാങ്കിൽ പ്യൂൺ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ശാരീരികമായ കാരണങ്ങളാൽ സഹകരണ ബാങ്കിൽ ജോലിയിൽ തുടരുവാൻ സാധിക്കാത്ത സാഹചര്യത്തിൽ തിരികെ പഞ്ചായത്ത് വകുപ്പിൽ നിയമനം ലഭിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ സമീപിച്ചെങ്കിലും കെ.എസ് & എസ്.എസ്.ആർ പ്രകാരം ഇതിന് നിയമമില്ലെന്നും സർക്കാരിന്റെ സ്പെഷ്യൽ ഓർഡർ ഉണ്ടെങ്കിൽ മാത്രമേ ഇതിന് സാധിക്കുകയുള്ളൂ എന്നുള്ളതിനാൽ തനിക്ക് പഞ്ചായത്ത് വകുപ്പിൽ നിയമനം ലഭിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം 3 ലെ അപേക്ഷകൾ പ്രകാരം ശ്രീമതി. ജ്യോതി എൻ.ആർ. സർക്കാരിനോട് അപേക്ഷിച്ചു. ശ്രീമതി. ജ്യോതിയ്ക്ക് ജില്ലാ സഹകരണ ബാങ്കിലെ പ്രൊബേഷണറി പ്യൂൺ തസ്തികയിൽ നിന്നും രാജി വച്ചു പോകുന്നതിനു തടസ്സമില്ലെന്ന് പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ പരാമർശം 1 ലെ കത്തിൽ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പഞ്ചായത്ത് വകുപ്പിൽ പൂർണായി ജോലിയിൽ പ്രവേശിച്ചശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ പൂർണായി നിയമനം ലഭിച്ചപ്പോൾ പ്രസ്തുതജോലിയിൽ പ്രവേശിച്ച ശ്രീമതി ജ്യോതി എൻ.ആർ-ന് കേരളാ സർവ്വീസ് റൂളിലേയും കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂളിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകളിൽ ഇളവു വരുത്തി പഞ്ചായത്തു വകുപ്പിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ തിരികെ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്.**
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്, പാലക്കാട്.
ശ്രീമതി ജ്യോതി എൻ. ആർ, അമ്മ നിവാസ്, ചാത്തമംഗലം, നമ്മാറ, പാലക്കാട്.
പൊതുഭരണ (എസ്.സി) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ